11.08.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 04-02-2001

# സമയമനുസരിച്ച് സ്വരാജ്യ അധികാരിയായി സർവ്വ ആത്മീയ സാധനങ്ങളും തീവ്ര ഗതിയോടെ കാര്യത്തിൽ ഉപയോഗിക്കൂ

ഇന്ന് ബാപ്ദാദ വിശ്വത്തിന്റെ സർവ്വഭാഗത്തെയും തന്റെ സ്വരാജ്യ അധികാരി കുട്ടികളുടെ രാജ്യസഭ കാണുകയാണ്. ഓരോരുത്തരും സ്വരാജ്യ അധികാരി, പവിത്രതയുടെ പ്രകാശത്തിന്റെ കിരീടധാരി, അധികാരത്തിന്റെ സ്മൃതിയുടെ തിലകധാരി, അവരവരുടെ ഭൃകുടിയുടെ അകാല സിംഹാസനധാരിയായി കാണപ്പെടുകയാണ്. ഈ സമയം എത്രത്തോളം സ്വരാജ്യ അധികാരം അനുഭവം ചെയ്യുന്നുവോ അത്രയും തന്നെ ഭാവി വിശ്വരാജ്യ അധികാരി ആണ്. ഞാൻ ആരാണ് അഥവാ എന്റെ ഭാവി എന്താണ് അത് ഇപ്പോഴത്തെ സ്വരാജ്യത്തിന്റെ സ്ഥിതിയിലൂടെ സ്വയം തന്നെ കാണുവാൻ സാധിക്കും.
ബാപ്ദാദ ഓരോരോ കുട്ടികളുടെയും സദാ സ്വരാജ്യത്തിന്റെ സ്ഥിതിയെ കാണുകയായിരുന്നു. നിരന്തരം ഓരോ കർമ്മം ചെയ്തുകൊണ്ട്, ലൗകിക അലൗകിക കാര്യം ചെയ്തുകൊണ്ട് സ്വരാജ്യ അധികാരിയുടെ ലഹരി എത്ര സമയം എത്ര ശതമാനം ഉണ്ടായിരിക്കുന്നു? എന്തെന്നാൽ പല കുട്ടികളും തന്റെ സ്വരാജ്യത്തിന്റെ സ്മൃതിയെ സങ്കൽപ്പ രൂപത്തിൽ ഓർമ്മിക്കുന്നു ഞാൻ ആത്മാവ് അധികാരിയാണ്, ഒന്നാമത്തേതാണ് സങ്കല്പത്തിൽ ചിന്തിക്കുക. വീണ്ടും വീണ്ടും സ്മൃതിയെ റിഫ്രഷ് ചെയ്യുക ഞാനാണ്. രണ്ടാമതാണ് അധികാരത്തിന്റെ സ്വരൂപത്തിൽ സ്വയത്തെ അനുഭവം ചെയ്യുക, ഈ കർമ്മേന്ദ്രിയ രൂപീ ആകുന്ന കർമ്മചാരി മനസ്സും ബുദ്ധിയും സംസ്കാരവും ആകുന്ന സഹയോഗി സാഥികൾക്കു മേൽ രാജ്യം നടത്തുക അധികാരത്തോടെ നടത്തുക. താങ്കൾ കുട്ടികൾ എല്ലാവരും അനുഭവികളാണ് ഓരോ സമയവും ബാപ്ദാദ ശ്രീമതത്തിൽ നടത്തിച്ചു കൊണ്ടിരിക്കുന്നു താങ്കൾ എല്ലാവരും ശ്രീമതമനുസരിച്ച് നടന്നുകൊണ്ടിരിക്കുന്നു. നടത്തിക്കുന്നയാൾ നടത്തിക്കുകയാണ് നടക്കുന്നയാൾ നടന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെയാണ് സ്വരാജ്യ അധികാരി ആത്മാക്കൾ, എന്താ താങ്കളുടെ സ്വരാജ്യത്തിൽ താങ്കളുടെ സർവ്വ കർമ്മേന്ദ്രിയങ്ങൾ അതായത് കർമ്മചാരി താങ്കളുടെ മനസ്സ് ബുദ്ധി സംസ്കാരം സഹയോഗി സാഥി എല്ലാവരും താങ്കളുടെ ആജ്ഞയിൽ നടക്കുന്നുണ്ടോ? ഒന്നോ രണ്ടോ കർമ്മേന്ദ്രിയങ്ങൾ കുറച്ച് കുറുമ്പൊന്നും കാണിക്കുന്നില്ലല്ലോ? താങ്കളുടെ രാജ്യം ലോ ആൻഡ് ഓർഡറിന് പകരം ലവ് ആൻഡ് ലോ എന്നതിൽ യഥാർത്ഥ രീതിയോടെ നടക്കുന്നുണ്ടോ? എന്താണ് മനസ്സിലാക്കുന്നത്? നടന്നുകൊണ്ടിരിക്കുകയാണോ അതോ അല്പം മനസ്സിലായ്മ കാണിക്കുന്നുണ്ടോ? എന്റെ കൈ, എന്റെ സംസ്കാരം, എന്റെ ബുദ്ധി, എന്റെ മനസ്സ് എന്ന് പറയുന്നുണ്ട് എങ്കിൽ എന്റെ എന്നതിനും മേൽ ഞാൻ എന്നയാളുടെ അധികാരം ഉണ്ടോ? അതോ ചിലപ്പോൾ എന്റെ അധികാരിയായി മാറുന്നു, ചിലപ്പോൾ ഞാൻ അധികാരിയായി മാറുന്നുവോ? സമയം അനുസരിച്ച് അല്ലയോ സ്വരാജ്യഅധികാരീ ഇപ്പോൾ സദാ സഹജമായി അകാല സിംഹാസനധാരിയാകൂ, അപ്പോഴേ അന്യ ആത്മാക്കൾക്ക് ബാബയിലൂടെ ജീവൻമുക്തിയുടെയും മുക്തിയുടെയും അധികാരം തീവ്രഗതിയോടെ നൽകാൻ കഴിയൂ.

സമയത്തിന്റെ വിളി ഇപ്പോൾ തീവ്രഗതിയും പരിധിയില്ലാത്തതുമാണ്. ചെറിയൊരു റിഹേഴ്സൽ കണ്ടു, കേട്ടു. അനന്തതയുടെ ഭൂപടം ഒരുമിച്ച് കണ്ടു, അല്ലേ! നിലവിളിക്കുന്നതും പരിധിയില്ലാതെ, മരിക്കുന്നതും പരിധിയില്ലാതെ, മരിക്കുന്നവരുടെ ഒപ്പം ജീവിക്കുന്നവരും തന്റെ ജീവിതത്തിൽ പരവശതയോടെ മരിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള സമയത്ത് താങ്കൾ സ്വരാജ്യ അധികാരിആത്മാക്കളുടെ കാര്യം എന്താണ്? പരിശോധിക്കൂ ഏത് പോലെ സ്ഥൂല സാധനങ്ങൾക്ക് വേണ്ടി ഭൂകമ്പം വന്നാൽ ഇത് ചെയ്യണം , കൊടുങ്കാറ്റ് വന്നാൽ ഇത് ചെയ്യണം, തീപിടിച്ചാൽ ഇത് ചെയ്യണം, എന്ന് പറയാറുണ്ടോ അങ്ങനെ താങ്കൾ ശ്രേഷ്ഠ ആത്മാക്കളുടെ അടുക്കൽ എന്ത് സാധനം ഉണ്ടോ സർവ്വശക്തികൾ, യോഗബലം,സ്നേഹത്തിന്റെ കാന്തം, ഈ എല്ലാ സാധനങ്ങളും സമയത്ത് തയ്യാറാണോ? സർവ്വശക്തികളും ഉണ്ടോ? ചിലർക്ക് ശാന്തിയുടെ ശക്തി വേണം എന്നാൽ താങ്കൾ മറ്റേതെങ്കിലും ശക്തി നൽകുന്നു എങ്കിൽ അവർ സന്തുഷ്ടമാകുമോ? ആർക്കെങ്കിലും വെള്ളം വേണം എങ്കിൽ താങ്കൾ അവർക്ക് 36 പ്രകാരത്തിലുള്ള ഭോജനം നൽകുകയാണെങ്കിൽ എന്താ അവർ സന്തുഷ്ടമാകുമോ? അപ്പോൾ എവർ റെഡി ആകുക, സ്വയം അശരീരി ആകുവാൻ മാത്രമല്ല. അതാവുക തന്നെ വേണം. എന്നാൽ എന്ത് സാധനം സ്വരാജ്യ അധികാരത്തിലൂടെ പ്രാപ്തമായോ, പരമാത്മാ സമ്പത്തായി ലഭിച്ചുവോ ആ എല്ലാ അധികാരവും എവർറെഡിയാണോ? വാർത്തകളിൽ കേൾക്കുന്നത് പോലെ ഏത് മെഷീനറി ഈ സമയം വേണമെന്ന് അത് വിദേശത്തുനിന്ന് വന്നതിനുശേഷം കാര്യത്തിന് ഉപയോഗിച്ചു അപ്പോൾ സാധനം എവർ റെഡി ആയിരുന്നില്ലല്ലോ! സർവ്വ സാധനവും സമയത്ത് കാര്യത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. എത്ര നഷ്ടമുണ്ടായി!

അപ്പോൾ വിശ്വകല്യാണി, വിശ്വപരിവർത്തക ആത്മാക്കളെ സർവ്വ സാധനവും എവർ റെഡിയാണോ? സർവ്വശക്തികൾ താങ്കളുടെ ആജ്ഞയിലാണോ? ആജ്ഞാപിച്ചു അതായത് സങ്കല്പം ചെയ്തു നിർണയ ശക്തി. അപ്പോൾ സെക്കൻഡിലും കുറഞ്ഞ സമയത്ത് നിർണയ ശക്തി ഹാജരാവുക, പറയുന്നു സ്വരാജ്യ അധികാരീ ഹാജർ. ഇങ്ങനെ ആജ്ഞയിലാണോ. അതോ ഒരു മിനിറ്റ് അവനവനിൽ കൊണ്ടുവരുന്നതിൽ എടുക്കുമോ പിന്നീടേ മറ്റുള്ളവർക്ക് നൽകാൻ കഴിയൂ? അഥവാ സമയത്ത് ആർക്കെന്തു വേണം അത് ന ൽകാൻ കഴിയുന്നില്ലെങ്കിൽ എന്തുണ്ടാകും? അപ്പോൾ എല്ലാ കുട്ടികളുടെയും ഹൃദയത്തിൽ ഈ സങ്ക ല്പം നടന്നുകൊണ്ടിരിക്കുക തന്നെയാണ് മുന്നോട്ട് എന്ത് നടക്കണം,എന്തു ചെയ്യണം? നടക്കേണ്ടത് വ ളരെ അധികമുണ്ട്. പറഞ്ഞതല്ലേ ഇത് റിഹേഴ്സലാണ്. ഇതാ 6 മാസത്തെ തയ്യാറെടുപ്പിനുള്ള മണി മുഴങ്ങി യിരിക്കുന്നു, മണിക്കൂർ അല്ല മുഴങ്ങിയത്. ആദ്യം മണിക്കൂർ മുഴങ്ങും പിന്നെ പെരുമ്പറ മുഴങ്ങും.ഭയ ക്കുമോ? കുറേശ്ശെ ഭയക്കുമോ?ശക്തി സ്വരൂപ ആത്മാക്കളുടെ സ്വരൂപം എന്താണ് കാണിച്ചിട്ടുള്ളത്? ശ ക്തികൾക്ക് (ശക്തി സ്വരൂപത്തിൽ പാണ്ഡവരും വരുന്നു ശക്തികളും വരുന്നു ) സദാശക്തികൾക്ക് ചി ലർക്ക് നാല് കൈകൾ, ചിലർക്ക് 6 കൈകൾ, ചിലർക്ക് 8 കൈകൾ,ചിലർക്ക് 16 കൈകൾ, സാധാരണമാ യി കാണിക്കാറില്ല. ഈ കൈകൾ സർവ്വശക്തികളുടെ സൂചകമാണ് അതിനാൽ മാസ്റ്റർ സർവ്വശക്തിവാ നിലൂടെ പ്രാപ്തമായ തന്റെ  ശക്തികളെ പ്രത്യക്ഷമാക്കൂ. ഇതിനുവേണ്ടി ഇങ്ങനെ ചിന്തിക്കരുത് സമയം വരുമ്പോൾ പ്രത്യക്ഷമായിക്കോളും എന്നാൽ മുഴുവൻ ദിവസത്തിൽ സ്വയത്തെ പ്രതി ഭിന്ന ഭിന്ന ശക്തി കൾ ഉപയോഗിച്ച് നോക്കൂ. ഏറ്റവും ആദ്യത്തെ അഭ്യാസം സ്വരാജ്യ അധികാരം മുഴുവൻ ദിവസത്തിൽ ഏതുവരെ കാര്യത്തിൽ വരുന്നുണ്ട്? ഞാൻ ആത്മാവ് അധികാരി തന്നെയാണ് എന്നല്ല. അധികാരിയായി കൊണ്ട് ആജ്ഞ നടത്തൂ. എന്നിട്ട് പരിശോധിക്കൂ ഓരോ കർമ്മേന്ദ്രിയങ്ങളും രാജാവായ എന്റെ  സ്നേഹ ത്തിലും നിയമത്തിലും നടക്കുന്നില്ലേ? മൻമനാഭവ എന്ന് ആജ്ഞാപിക്കുന്നു, മനസ്സ് നെഗറ്റീവും വേസ്റ്റു മായ ചിന്തകളിലേക്ക് പോകുന്നു. എന്താ ഇത് സ്നേഹവും നിയമവുമാണോ? ആജ്ഞാപിക്കുന്നു മധുര താസ്വരൂപം ആകണം. സമസ്യയനുസരിച്ച് പരിതസ്ഥിതിയനുസരിച്ച് ക്രോധത്തിന്റെ മഹാരൂപമല്ല പക്ഷേ സൂക്ഷ്മ രൂപത്തിൽ ആവേശം അഥവാ പിറുപിറുപ്പ് വന്നുകൊണ്ടിരിക്കുന്നു, എന്താ ഇത് ആജ്ഞ ആണോ? ആജ്ഞയിലാണോ നടന്നത്?

ആജ്ഞാപിക്കൂ എനിക്ക് വിനീതം ആകണം,എന്നിട്ട് അന്തരീക്ഷത്തിനനുസരിച്ച് ചിന്തിക്കുന്നു എത്രനാൾ അമർത്തിപ്പിടിച്ചു കൊണ്ട് പോകും, എന്തെങ്കിലും കാണിച്ചു കൊടുക്കേണ്ടതുണ്ട്. എന്താ എനിക്ക് തന്നെ ഒതുങ്ങണോ? ഞാൻ തന്നെ മരിക്കണോ? ഞാൻ തന്നെ മാറണോ? എന്താ ഇത് ലവ് ആൻഡ് ഓർഡർ ആണോ? അതിനാൽ വിശ്വത്തിന്മേൽ നിലവിളിക്കുന്ന ദുഖി ആത്മാക്കൾക്കു മേൽ ദയ കാണിക്കുന്നതിന് മുമ്പ് അവനവന്മേൽ ദയ കാണിക്കൂ. സ്വന്തം അധികാരം സൂക്ഷിക്കൂ. മുന്നോട്ടുപോയി താങ്കളുടെ നാലു പാടും സകാശ് നൽകുന്നതിന്റെ, വൈബ്രേഷൻ നൽകുന്നതിന്റെ, മനസ്സാ അന്തരീക്ഷം ഉണ്ടാക്കുന്നതി ന്റെ വളരെ കാര്യം ചെയ്യാനുണ്ട്. ആദ്യവും പറഞ്ഞിരുന്നു ഇപ്പോൾ വരെയും ആരാര് എവിടം വരെ സേവനത്തിന് നിമിത്തമാണോ വളരെ നന്നായി ചെയ്തു ചെയ്യുകയും ചെയ്യും എന്നാൽ **ഇപ്പോൾ സമയാ നുസരണം തീവ്രഗതിയുടെയും പരിധിയില്ലാത്ത സേവനത്തിന്റെയും ആവശ്യകതയുണ്ട്**. അപ്പോൾ ആ ദ്യം ഓരോ ദിവസവും പരിശോധിക്കൂ സ്വരാജ്യ അധികാരം ഏതുവരെ ഉണ്ടായി? ആത്മാവ് അധികാരിയാ യി കർമ്മേന്ദ്രിയങ്ങളെ ചലിപ്പിച്ചുവോ? സ്മൃതി സ്വരൂപമായിരുന്നുവോ അതായത് ഞാൻ അധികാരി ഈ കൂട്ടുകാരെ കൊണ്ട്, സഹയോഗികളെ കൊണ്ട് കാര്യം ചെയ്യിക്കുകയാണ്. സ്വരൂപത്തിൽ ലഹരി ഉണ്ട് എ ങ്കിൽ സ്വതവേ തന്നെ ഈ എല്ലാ കർമ്മേന്ദ്രിയങ്ങളും താങ്കൾക്ക് മുന്നിൽ ശരീ ഹാജർ ശരി പ്രഭോ സ്വ തവേ തന്നെ പറയും. പരിശ്രമിക്കേണ്ടി വരില്ല. ഇന്ന് വ്യർത്ഥ സങ്കല്പത്തെ അകറ്റൂ, ഇന്ന്  സംസ്കാരത്തെ അകറ്റൂ, ഇന്ന് നിർണയശക്തിയെ പ്രകടമാക്കൂ. ഒരു ഞൊടിക്ക് എല്ലാ കർമ്മ ഇന്ദ്രിയങ്ങളും മനസ്സ് ബുദ്ധി സംസ്കാരവും താങ്കൾ എന്ത് ആഗ്രഹിക്കുന്നുവോ അത് ചെയ്യും. ഇപ്പോൾ പറയാറില്ലേ ബാബാ ആഗ്രഹി ക്കുന്നത് ഇതാണ്, എന്നാൽ ഇപ്പോൾ ഇത്രയും ഉണ്ടാകുന്നില്ല.. ഇനി പറയും എന്ത് ആഗ്രഹിക്കുന്നുവോ അത് നടന്നു അപ്പോൾ മനസ്സിലായോ എന്ത് ചെയ്യണം? സ്വന്തം അധികാരത്തിന്റെ  സിദ്ധികളെ കാര്യത്തി ൽ ഉപയോഗിക്കൂ. ആജ്ഞാപിക്കൂ സംസ്കാരത്തോട്. സംസ്കാരം താങ്കളോട് എന്തുകൊണ്ട് ആജ്ഞാ പിക്കുന്നു? സംസ്കാരം അകലുന്നില്ല, എന്തുകൊണ്ട്? ബന്ധിതമാണ് സംസ്കാരം താങ്കളുടെ ആജ്ഞയി ൽ. അധികാരിത്വം കൊണ്ടുവരൂ. അപ്പോൾ നാല് പാടുമുള്ള സേവനത്തിന്റെ വളരെ വളരെ വളരെ വളരെ ആവശ്യകതയുണ്ട്. ഇത് ഒന്നും തന്നെയല്ല,വളരെ തീവ്രമായ സമയം വരാനുണ്ട്. ഇങ്ങനെയുള്ള സമയ ത്ത് താങ്കൾ പറക്കുന്നകലയിലൂടെ മാലാഖയായി നാലു പാടും ചുറ്റിക്കറങ്ങി ആർക്ക് ശാന്തി വേണമോ, ആർക്ക് സന്തോഷം വേണമോ, ആർക്ക് സന്തുഷ്ടത വേണമോ മാലാഖാരൂപത്തിൽ സകാശ് നൽകുന്നതി നായി ചുറ്റിക്കറങ്ങും അവർ അനുഭവം ചെയ്യും. ഇപ്പോൾ അനുഭവം ചെയ്യുന്നില്ലേ ജലം ലഭിച്ചു ഒരുപാട് ദാഹം അകറ്റി അതുപോലെ. ഭക്ഷണം ലഭിച്ചു, ടെന്റ് ലഭിച്ചു, ആശ്രയം ലഭിച്ചു. ഇങ്ങനെ അനുഭവം

ചെയ്യും  മാലാഖമാരിലൂടെ ശാന്തി ലഭിച്ചു, ശക്തി ലഭിച്ചു, സന്തോഷം ലഭിച്ചു ഇങ്ങനെ അന്ത വാഹക ശരീരം അതായത് അന്തിമസ്ഥിതി ശക്തിശാലിസ്ഥിതി താങ്കളുടെ അന്തിമ വാഹനമാകും. നാലുപാടും ചുറ്റിക്കറങ്ങി എല്ലാവർക്കും ശക്തികൾ നൽകും മാർഗ്ഗം നൽകും. സ്വന്തം രൂപം മുന്നിൽ വരുന്നുണ്ടോ? എമർജ് ചെയ്യു. എത്ര മാലാഖമാർ ചുറ്റിക്കറങ്ങി കൊണ്ടിരിക്കുന്നു! സകാശ് നൽകിക്കൊണ്ടിരിക്കുന്നു അപ്പോൾ പറയും താങ്കൾ വെക്കാറുള്ള പാട്ടുണ്ടല്ലോ  ശക്തികൾ വന്നിരിക്കുന്നൂ... ശക്തികളിലൂടെ തന്നെ സർവ്വശക്തിവാൻ സ്വതവേ തന്നെ സിദ്ധമായി മാറും. കേട്ടോ.

ഇപ്പോൾ വരെയും എന്തു ചെയ്തുവോ, എന്ത് നടന്നുവോ അത് സമയാനുസരണം നല്ലതിലും നല്ലതായി. മുന്നോട്ട് ഇനിയും നല്ലതിലും നല്ലതായി തന്നെ മാറണം ശരി പരിഭ്രമിക്കേണ്ട. വാർത്തകൾ കേട്ട് കണ്ട് പരിഭ്രമിച്ചുവോ? ഇത് ഒന്നും തന്നെയല്ല. താങ്കളുടെ അടുക്കൽ എല്ലാമുണ്ട് ഇത് ഒന്നും തന്നെയല്ല. പക്ഷേ എന്നാലും താങ്കളുടെ സഹോദരി സഹോദരന്മാരാണ്. അതിനാൽ അവരുടെ സേവനം ചെയ്യുന്നതും നല്ലതാണ്. ഇപ്പോൾ രാജ്യഅധികാരത്തിൽ, അകാലസിംഹാസനത്തിൽ ഇരുന്നുകൊണ്ടിരിക്കൂ, മേലുകീഴ് വരരുത്. പിന്നെ നോക്കൂ ഗവൺമെന്റിനും സാക്ഷാൽക്കാരം ഉണ്ടാകും ഇതുതന്നെയാണ്, ഇതു തന്നെയാണ്, ഇതുതന്നെയാണ്. സിംഹാസനത്തിൽ നിന്ന് ഇറങ്ങരുത്, അധികാരം വിടരുത്, അധികാരം ഓരോ സമയവും നടത്തു, സ്വയത്തിനു മേൽ, മറ്റുള്ളവർക്ക് മേലല്ല. മറ്റുള്ളവർക്ക് മേൽ നടത്തരുത്. ശരി.
പുതിയ പുതിയ കുട്ടികളും ധാരാളം വന്നിട്ടുണ്ട്. അഭിവൃദ്ധി ഉണ്ടാകുക തന്നെ വേണം. ഈ കൽപ്പത്തിൽ , ഈ തവണ, ആദ്യത്തെ തവണ വന്നിരിക്കുന്നത് ആരാണോ അവർ കൈ ഉയർത്തു. നല്ലതാണ് ചെയ്തത്. ധൈര്യം വെച്ച് എത്തിച്ചേർന്നു അപ്പോൾ എത്തിയല്ലോ. ആരാണ് ഇരിക്കുന്നവർ അവർ ഇരുന്നു പോകും മറ്റൊന്നും ഉണ്ടാവില്ല. ധൈര്യം വളരെയധികം വേണം. ഏതൊരു കാര്യത്തിനും ധൈര്യമുണ്ടെങ്കിൽ മനസ്സിലാക്കിക്കൊള്ളു സഫലതയുണ്ട്. ധൈര്യം കുറവ് എങ്കിൽ സഫലത കുറവ് അതിനാൽ ധൈര്യവും നിർഭയതയും. ഭയം വരരുത് ഇതെന്താ സംഭവിച്ചുകൊണ്ടിരിക്കുന്നത്. മരിച്ചു കൊണ്ടിരിക്കുകയാണ്, ആരോ മരിക്കുന്നു ഭയം താങ്കൾക്ക് വരുന്നു. നിർഭയം. ശരി അവർക്ക് ശാന്തിയുടെ സഹയോഗം കൊടുക്കൂ. ആത്മാവിന് ദയാഹൃദയത്തിന്റെ  ഭാവനയോടെ സഹയോഗം നൽകു, ഭയത്തിൽ വരാതിരിക്കു. ഭയം ഏറ്റവും വലുതിലും വലിയ ഭൂതമാണ്. മറ്റു ഭൂതങ്ങൾ പോയേക്കും, ഭയത്തിന്റെ  ഭൂതം പോവുക ബുദ്ധിമുട്ടാണ്. ഏതെങ്കിലും കാര്യത്തിന്റെ ഭയം, കേവലം മരിക്കുന്നതിന്റെ മാത്രം ഭയമല്ല, പല കാര്യങ്ങളുടെയും ഭയം ഉണ്ടാകുന്നു. അനേക തരത്തിലുള്ള ഭയം ഉണ്ട്. സ്വന്തം ദുർബലതയുടെ കാരണവും ഭയമാകുന്നു . ആ എല്ലാത്തിലും നിർഭയമാകുന്നതിന്റെ സഹജമായ സാധനമാണ് സദാ ശുദ്ധഹൃദയം, സത്യമായ ഹൃദയം. അപ്പോൾ ഭയം ഒരിക്കലും വരികയില്ല. തീർച്ചയായും എന്തെങ്കിലും ഹൃദയത്തിൽ കാര്യം അടങ്ങിയിട്ടുണ്ട് അതിലൂടെയാണ് ഭയം ഉണ്ടാകുന്നത്. ശുദ്ധഹൃദയം സത്യമായ ഹൃദയത്തിൽ പ്രഭു സംപ്രീതനാണ് സർവ്വരും സംപ്രീതരാണ്.
ശരി പുതിയ പുതിയതായി വന്നിട്ടുള്ള കുട്ടികൾക്ക് പുതിയ ജീവിതത്തിൽ പരമാത്മ ഭാഗ്യത്തെ പ്രാപ്തമാക്കുന്നതിനുള്ള ആശംസകൾ. നല്ലത്. വിദേശത്തുനിന്നും ധാരാളം പേർ വന്നിട്ടുണ്ട്. ഫോറിൻ ഗ്രൂപ്പ് കൈ ഉയർത്തു (700 അടുത്ത് പേർ വന്നിട്ടുണ്ട്) നന്നായി എത്തിച്ചേർന്നു. സ്വാഗതം.
**മഹാരാഷ്ട്ര ആന്ദ്ര പ്രദേശിന്റെ സേവനമാണ്** : മഹാരാഷ്ട്രക്കാർ കൈ ഉയർത്തു (4000 വന്നിട്ടുണ്ട്) അപ്പോൾ നാലായിരത്തിന് 4 കോടി ആശംസകൾ. നന്നായി ചെയ്തു ഓരോ ഗ്രൂപ്പിനും അവരവരുടെ സേവനത്തിന്റെ ശോഭയുണ്ട് എന്തെന്നാൽ സേവനത്തിന് മുമ്പ് പരിവാരത്തിനു മുന്നിൽ സമീപം വരുവാനുള്ള സുവർണ്ണ അവസരം ലഭിക്കുന്നു. അവസരം ലഭിക്കുന്നില്ലേ? ഇല്ലെങ്കിൽ ആര് ചോദിക്കും മഹാരാഷ്ട്ര ആണോ അതോ ആന്ദ്രയാണോ? എന്നാൽ വിശേഷ സേവനത്തിന് ചാൻസ് എടുക്കുന്നതിലൂടെ പരിവാരത്തിന്റെ ദാദിമാരുടെ, ദാദമാരുടെ മുന്നിൽ വരുന്നു. സന്തോഷവും ഉണ്ടാകുന്നു എന്തുകൊണ്ട് സന്തോഷമുണ്ടാകുന്നു കാരണം?നോക്കൂ സെന്ററിൽ എത്ര പേരുടെ സേവനമാണ് ചെയ്യുന്നത്? കൂടിപ്പോയാൽ 50 100, ഇവിടെയാണെങ്കിലും സേവനം ചെയ്യുന്നു എങ്കിൽ ആയിരങ്ങളുടെ സേവനമാണ് ചെയ്യുന്നത്. ആയിരങ്ങളുടെ സേവനത്തിന് പകരമായി എല്ലാവരുടെയും ആശിർവാദം ലഭിക്കുമല്ലോ വളരെ നന്നായി സേവനം ചെയ്തു, വളരെ നന്നായി സേവനം ചെയ്തു, ഈ ആശിർവാദങ്ങൾ പുറപ്പെടുന്നു. ആശിർവാദങ്ങൾ ഒന്ന് വർത്തമാന സമയത്ത് സന്തോഷം നൽകുന്നു രണ്ടാമത് സമ്പാദ്യവും ഉണ്ടാകുന്നു. ഡബിൾ പ്രയോജനമാണ് അതിനാൽ ആര് സേവനം ചെയ്തു അപ്പോൾ സേവനത്തിന്റെ പ്രതിഫലമായി സന്തോഷവും ലഭിച്ചു സമ്പാദ്യത്തിന്റെ ശേഖരണവും ശേഖരണമായി. ഡബിൾ പ്രയോജനം ആയില്ലേ! ഇപ്പോൾ ഭൂരിപക്ഷം എല്ലാ സോണും നന്നായി പഠിച്ചിട്ടുമുണ്ട് അഭ്യാസമായിട്ടുണ്ട്. നന്നായി ചെയ്തു ആശംസകൾ . (100 കുമാരിമാരുടെ സമർപ്പണമാണ്) നല്ലത് നൂറു കുമാരിമാർ എണീക്കൂ. എല്ലാവരും നോക്കൂ. എവിടെയെല്ലാം ടിവി ഉണ്ടോ അവിടെ കാണിക്കൂ. നല്ലതാണ് സമർപ്പണം തന്നെയാണ് എന്നാൽ സമർപ്പണത്തിന്റെ പക്കാ സ്റ്റാമ്പ് പതിക്കണം. ഈ ഈ സർവ്വശക്ത ഗവൺമെന്റിന്റെ സ്റ്റാമ്പ് മാറ്റാനാവില്ല. പക്കയല്ലേ!

പക്കാ!പക്കാ? ആര് മനസ്സിലാക്കുന്നു വളരെ വളരെ വളരെ വളരെ പക്കയാണ് അവർ ഇങ്ങനെ കൈ വീശൂ. വളരെ പക്കാ? മഹാരാഷ്ട്രയാണ്. എന്തെങ്കിലും മഹാനത കാണുമല്ലോ! വളരെ നല്ലത്, ബാപ്ദാദയുടെ ഭാഗത്തുനിന്ന് വളരെ വളരെ കോടാനുകോടി തവണ ആശംസകൾ, അഭിവാദ്യങ്ങൾ. ശരി.
ഇപ്പോൾ ഒരു സെക്കൻഡിൽ മാലാഖയായി വിശേഷിച്ച് ഈ ഭൂകമ്പം എവിടെയാണോ ഉണ്ടായത് അവിടെ നാനാഭാഗത്തും മാലാഖയായി പറക്കുന്ന കലയിലൂടെ ശാന്തി, ശക്തി, സന്തുഷ്ടതയുടെ സകാശ് പരത്തിയിട്ട് വരു. ചുറ്റിക്കറങ്ങി വരു ഒരു സെക്കൻഡിൽ. എല്ലാവരെയും എല്ലാവരും ചുറ്റിക്കറങ്ങി വരു. ശരി (ഡ്രിൽ)

നാനാഭാഗത്തെയും ദേശ വിദേശത്തെ മാലാഖ രൂപത്തിൽ വിരാജമാനായ സ്വ അധികാരി കുട്ടികൾക്ക് സദാ സ്നേഹത്തിലും നിയമത്തിലും തന്റെ സഹയോഗികളെ, സൂക്ഷ്മവും സ്ഥലവും ആയ സഹയോഗി കൂട്ടുകാരെ നടത്തുന്നവർ, സദാ ബാപ്ദാദയിലൂടെ പ്രാപ്തമായ ആത്മീയ സാധനങ്ങളെ എവർറെഡി ആക്കുന്നവർ, ഞാൻ ആത്മാ രാജാവായി രാജ്യാധികാരത്തിന്റെ അനുഭവം ചെയ്യുന്നവർ, സദാ പറക്കുന്ന കലയിലൂടെ മാലാഖ രൂപത്തിലൂടെ നാല് പാടും സകാശ് നൽകുന്നവരായ ശക്തി സ്വരൂപ ആത്മാക്കൾക്ക് സദാ ശുദ്ധഹൃദയ, സത്യഹൃദയത്തിലൂടെ നിർഭയ, നിരാകാരി സ്ഥിതിയിൽ അനുഭവം ചെയ്യുന്നവരായ വിശ്വകല്യാണി, വിശ്വപരിവർത്തക ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണയും, നമസ്തേയും.

**ദാദിമാരോട്** : താങ്കൾ എല്ലാവർക്കും സന്തോഷം ആകുന്നില്ലേ, നമ്മുടെ നിമിത്ത ദാദിമാർ, ദാദമാർ മുന്നിൽ വരുമ്പോൾ സന്തോഷമല്ലേ! അതോ താങ്കളും വരാൻ ആഗ്രഹിക്കുന്നുണ്ടോ? ഒന്നുകൂടി മുന്നിൽ വരുന്നത് നല്ലതാണ്. മുന്നിലുള്ളവർക്ക് കൂടുതൽ കാണാം. ഇവിടെയാണെങ്കിൽ ഇങ്ങനെ ചെയ്യേണ്ടി വരുന്നു . മുന്നിലുള്ളവരെ കൂടെക്കൂടെ കണ്ടുകൊണ്ടിരിക്കുന്നു.

ശരി (ജഗദീഷ് ഭായിയോട് ) എല്ലാം ശരിയല്ലേ. ഏറ്റവും നല്ല കാര്യമാണ് സ്വയം ശരീര സഹിതം ബാബക്ക് ഏൽപ്പിച്ചു കൊടുത്തു. അതുപോലെ ബാബയ്ക്ക് തന്റെതെല്ലാം നൽകി. നൽകിയോ അതോ നൽകണമോ? താങ്കൾ എല്ലാ നിമിത്ത ആത്മാക്കളും നൽകിയിട്ടുണ്ട് അതാണ് താങ്കളെ സാകാര രൂപത്തിൽ ഫോളോ ചെയ്യുന്നത്. സാകാര രൂപത്തിൽ മഹാരതികളെ കണ്ട് എല്ലാവർക്കും ശക്തി ലഭിക്കുന്നു. അപ്പോൾ ഈ മുഴുവൻ ഗ്രൂപ്പ് എന്താണ്? ശക്തിയുടെ സ്രോതസ്സാണ്. അല്ലേ!

(ദാദി ജാനകി പറഞ്ഞുകൊണ്ടിരിക്കുന്നു നടത്തിക്കുന്നയാൾ വളരെ സൂത്രശാലിയാണ്) സൂത്രശാലിയല്ലെങ്കിൽ ഇത്രയും അഭിവൃദ്ധി എങ്ങനെ ഉണ്ടാകുന്നു. ബാബപറയുന്നു നടക്കുന്നവരും ബാബയെക്കാൾ സമർത്ഥരാണ്.

ശരി എല്ലാവരും സദാ ഒരു വാക്ക് ഹൃദയത്തിൽ നിന്നും പാടിക്കൊണ്ടിരിക്കുന്നു എന്റെ ബാബ. ഈ ഗീതം പാടാൻ എല്ലാവർക്കും അറിയാമല്ലോ! എന്റെ ബാബ ഗീതം പാടാൻ അറിയാമോ? സഹജമല്ലേ! എന്റെത് എന്ന് പറഞ്ഞു സ്വന്തമാക്കി. ബാബ പറയുന്നു കുട്ടികൾ ബാബയെക്കാളും സമർത്ഥരാണ്. എന്തുകൊണ്ട്? ഭഗവാനെ ബന്ധിച്ചിരിക്കുന്നു. (ദാദി ജാനകിയോട് )ബന്ധിച്ചില്ലേ! അപ്പോൾ ബന്ധിക്കുന്നവർ ശക്തിശാലിയോ അതോ ബന്ധിതനോ? ആരാണ് ശക്തിശാലിയായത്? ബന്ധിക്കുന്നവർ കേവലം താങ്കൾക്ക് മാർഗം കേൾപ്പിച്ചു തന്നു ഇങ്ങനെ ബന്ധിക്കു എങ്കിൽ ബന്ധിക്കപ്പെടും. ശരി, ഓം ശാന്തി.

## വരദാനം : സ്വയത്തെ നിമിത്തം എന്ന മനസ്സിലാക്കി വ്യർഥ സങ്കല്പം അഥവാ വ്യർഥ വൃത്തിയിൽ നിന്ന് മുക്തമായി കഴിയുന്ന വിശ്വ മംഗളകാരിയായി ഭവിക്കട്ടെ.

ഞാൻ വിശ്വ മംഗളത്തിന്റെ കാര്യാർത്ഥം നിമിത്തമാണ് ഈ ഉത്തരവാദിത്വത്തിന്റെ സ്മൃതിയിൽ കഴിയൂ എങ്കിൽ ഒരിക്കലും ആരെ പ്രതിയും അവനവനെ പ്രതിയും വ്യർത്ഥ സങ്കല്പം അഥവാ വ്യർത്ഥവൃത്തി ഉണ്ടാവുക സാധ്യമല്ല. ഉത്തരവാദി ആത്മാക്കൾ ഒരു അമംഗളകാരി ആയ സങ്കല്പവും ചെയ്യുകയില്ല, ഒരു സെക്കൻഡും വ്യർത്ഥവൃത്തി ഉണ്ടാക്കുകയില്ല എന്തെന്നാൽ അവരുടെ മനോവൃത്തിയിലൂടെ അന്തരീക്ഷത്തിന്റെ പരിവർത്തനം ഉണ്ടാകണം. അതിനാൽ സർവ്വരേയും പ്രതി അവരുടെ ശുഭ ഭാവന, ശുഭ കാമന സ്വതവേ ഉണ്ടായിരിക്കുന്നു.

## സ്ലോഗൻ:- അജ്ഞാനത്തിന്റെ ശക്തി ക്രോധമാണ്, ജ്ഞാനത്തിന്റെ ശക്തി ശാന്തിയാണ്